I ഇ.ബി. XIII- കേരള നിയമസഭ/IX-12

# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂലൈ 9, ചൊവ്വ

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തര പ്രമേയം

യുവജനസംഘടനാ പ്രവർത്തകർക്കെതിരെ നടന്ന ആക്രമണം

മി. സ്പീക്കർ: സോളാർ തട്ടിപ്പ് വിഷയത്തിൽ മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കരിങ്കൊടികാട്ടി പ്രതിഷേധിച്ച പ്രവർത്തകരെ പോലീസ് തല്ലിച്ചതയ്ക്കുകയും ഇന്നലെ രാത്രി സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയ ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കുനേരെ പോലീസ് ഗ്രനേഡും ജലപീരങ്കിയും ലാത്തിചാർജ്ജും നടത്തിയതിനെത്തുടർന്ന് ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ. ഉൾപ്പെടെയുള്ള പ്രവർത്തകർക്ക് പരിക്കു പറ്റുകയും ചെയ്ത സംഭവംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സി. ദിവാകരൻ, പി. ശ്രീരാമകൃഷ്ണൻ, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ. രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് 08.07.2013–ന് ഉച്ചയ്ക്ക് 12 മണിയോടെ മ്യൂസിയം ജംഗ്ഷനിൽനിന്ന് കന്റോൺമെന്റ് സ്റ്റേഷനിലേയ്ക്ക് പ്രകടനമായെത്തിയ അഞ്ഞൂറോളം യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മസ്ക്കറ്റ് ഹോട്ടലിന് സമീപം ബാരിക്കേഡുകൾവച്ച് പോലീസ് തടയുകയുണ്ടായി. ഈ സമയം സോളാർ പാനൽ തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നും ആവശ്യപ്പെട്ട് പ്രകടനം നടത്തിയ രണ്ട് സ്ത്രീകൾ ഉൾപ്പെടെ അറുപതോളം എ.ഐ.വൈ.എഫ്. പ്രവർത്തകരെ പോലീസ് ആർ.ആർ. ലാമ്പിനുസമീപം വച്ച് തടഞ്ഞുവെങ്കിലും അവർ പോലീസിനെ തള്ളിമാറ്റി മസ്ക്കറ്റ് ഹോട്ടലിന് സമീപമുണ്ടായിരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകരുമായി ഏറ്റുമുട്ടി. ഈ സംഭവത്തിൽ എ.ഐ.വൈ.എഫ്. സംസ്ഥാന പ്രസിഡന്റ് കൃഷ്ണപ്രസാദിനും ഒരു യുവതി ഉൾപ്പെടെ മറ്റ് ആറ് എ.ഐ.വൈ.എഫ്. പ്രവർത്തകർക്കും രണ്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കും പരിക്കേറ്റിട്ടുണ്ട്. പരിക്കേറ്റവർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. പ്രസ്തുത സംഭവത്തിന്റെ പേരിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരേയും എ.ഐ.വൈ.എഫ് പ്രവർത്തകരേയും പ്രതികളാക്കി മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രാത്രി 1.30 മണിയോടെ

ശ്രീ. റ്റി. വി. രാജേഷ്, എം. എൽ. എ. യുടെ നേതൃത്വത്തിൽ മുന്നോറോളം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ പാളയത്തുനിന്നും സെക്രട്ടേറിയറ്റിന്റെ മെയിൻ ഗേറ്റിലെത്തി സെക്രട്ടേറിയറ്റിനുള്ളിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിക്കുകയും പോലീസുമായി ഉണ്ടായ ബലപ്രയോഗത്തെത്തുടർന്ന് ജല പീരങ്കിയും ടിയർ ഗ്യാസും ഗ്രനേഡുകളും ഉപയോഗിച്ച് അവരെ പിരിച്ചുവിടുകയും ചെയ്തു. ഈ സംഭവത്തിൽ പരിക്കേറ്റതായി പരാതിപ്പെട്ട വിഷ്ണു, ജംസീർ, സന്തോഷ് എന്നീ പ്രവർത്തകർ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സ തേടി. അക്രമത്തിൽ പോലീസിന്റെ ജലപീരങ്കി വാഹനത്തിന് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഈ സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.യ്ക്ക് പരിക്ക് പറ്റിയതായി പരാതി ലഭിക്കുകയോ, അദ്ദേഹം എവിടെയെങ്കിലും ചികിത്സ തേടിയതായി വിവരം ലഭിക്കുകയോ ചെയ്തിട്ടില്ല. സോളാർ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട് 24–06–2013 മുതൽ സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും വിവിധ സംഘടനകൾ നടത്തിയ അക്രമപ്രവർത്തനങ്ങളിൽ 52–ഓളം സമരക്കാർക്കും 79 പോലീസ് ഉദ്യോഗസ്ഥർക്കും പരിക്കേൽക്കുകയും അക്രമത്തിൽ 5,25,000 രൂപയുടെ നാശനഷ്ടമുണ്ടാവുകയും ചെയ്തിട്ടുണ്ട്. അക്രമങ്ങളുമായി ബന്ധപ്പെട്ട് 28 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: അതീവ ഗുരുതരമായ സംഭവങ്ങളാണ് കേരളത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. നിയമസഭാ മന്ദിരത്തിനുതന്നെ സംരക്ഷണമില്ലാത്ത അവസ്ഥയാണ്. നിയമസഭാ ഗ്യാലറിയിൽ പൊതുജനങ്ങൾക്ക് പ്രവേശനം നൽകുന്നില്ല, എം.എൽ.എ.മാരുടെ

പേഴ്സണൽ സ്റ്റാഫിനെ അകത്ത് കയറ്റിവിടുന്നില്ല. കേരള നിയമസഭ ഇന്റലിജന്റ്സിന്റെ സംരക്ഷണ വലയത്തിലായതിന് കാരണം വ്യക്തമാക്കണം. യുവജന സംഘടനാ പ്രവർത്തകർക്കുനേരെ ഭീകരാക്രമണമാണ് പോലീസ് നടത്തുന്നത്. രാത്രി 1.00 മണിക്ക് സെക്രട്ടേറിയറ്റിനുമുമ്പിൽ ഗ്രനേഡ് ഉപയോഗിച്ചതും പെരുവഴിയിലിട്ട് ഒരു പെൺകുട്ടിയെ തല്ലിച്ചതും സാബു എന്ന യുവാവിനെ മുഖ്യമന്ത്രിയുടെ വണ്ടിയിടിച്ച് കൊല്ലാൻ ശ്രമിച്ചതും അങ്ങേയറ്റം പ്രതിഷേധാർഹമാണ്. തലയ്ക്ക് പരിക്കുപറ്റിയ എ.ഐ.വൈ.എഫ്. സംസ്ഥാന പ്രസിഡന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. പാവപ്പെട്ട പെൺകുട്ടികളേയും രാഷ്ട്രീയ പ്രവർത്തകരേയും മർദ്ദിക്കുന്ന സാമൂഹ്യവിരുദ്ധർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുപകരം അതിന് കൂട്ടുനിൽക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കരുനാഗപ്പള്ളിയിലെ എം.എൽ.എ.യായ എന്റെ ഓഫീസ് അടിച്ചു തകർത്ത സംഭവം ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധ യിൽപ്പെടുത്തിയെങ്കിലും നടപടി സ്വീകരിച്ചില്ല. സംസ്ഥാനത്തെ പൊതുരാഷ്ട്രീയമൂല്യം സംരക്ഷിച്ചുകൊണ്ടും കോൺഗ്രസ്സിന്റെ പാരമ്പര്യം കാത്തുസൂക്ഷിച്ചും മുഖ്യമന്ത്രി സത്യസന്ധത പുലർത്തി രാജിവച്ച് അന്വേ ഷണം നേരിടണം. ഡി.വൈ.എഫ്.ഐ.–എ.ഐ.വൈ.എഫ്. പ്രവർത്തകരെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. എം. എൽ.എ.യുടെ ഓഫീസ് നശിപ്പിച്ചതിന് നഷ്ടപരിഹാരം നൽകാനും അക്രമികളെ അറസ്റ്റ് ചെയ്യാനും നടപടി സ്വീകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റിപ്പോർട്ടർ ചാനൽ സംപ്രേഷണം ചെയ്ത പരിപാടിയുടെ സി.ഡി. ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി മേശപ്പുറത്ത് വയ്ക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നിയമസഭയെ സംബന്ധിച്ചുള്ള ഇന്റലിജൻസ് റിപ്പോർട്ട് ബഹുമാനപ്പെട്ട സ്പീക്കറെ അറിയിച്ചിട്ടുണ്ട്. എ.ഐ.വൈ.എഫ്. പ്രവർത്തകയെയും ജനപ്രതിനിധികളെയും മർദ്ദിച്ചതും എം. എൽ. എ. മാരുടെ ഓഫീസ് ആക്രമിച്ചതുമായ സംഭവങ്ങളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. അന്വേഷണ സംഘത്തിന്റെ തീരുമാനങ്ങളനുസരിച്ചാണ് ഓരോ കേസിലും പ്രതികളെ നിശ്ചയിക്കുന്നത്. രാഷ്ട്രീയപ്രേരിതമായ ആരോപണങ്ങളോടെ അവതരിപ്പിച്ചിരിക്കുന്ന അടിയന്തര പ്രമേയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. റ്റി. വി. രാജേഷ്: ഇന്നലെ രാത്രി നടന്ന സമരത്തെക്കുറിച്ച് ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണം തെറ്റിദ്ധാരണാജനകമാണ്. മുന്നൂറോളം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ആശാൻ സ്ക്വയറിൽ നിന്ന് പ്രകടനമായി സെക്രട്ടേറിയറ്റിന് മുമ്പിലെത്തിയപ്പോൾത്തന്നെ ഗ്രനേഡും ജലപീരങ്കിയും ഉപയോഗിച്ച് തടയാൻ പോലീസ് ശ്രമിച്ചു. ഉന്നത പോലീസ് ഉദ്യോഗസ്ഥരോട് പ്രകോപനമുണ്ടാക്കുന്ന പോലീസിനെ മാറ്റണമെന്ന് ആവശ്യപ്പെട്ടപ്പോൾ എം.എൽ.എ. ആണെന്നറിഞ്ഞുകൊണ്ടുതന്നെ ചില പോലീസുകാർ എന്നെ ചവിട്ടുകയും ഷർട്ട് വലിച്ചുകീറാൻ ശ്രമിക്കുകയും ചെയ്തു. എം.എൽ.എ. മാർക്കുപോലും സംരക്ഷണം ലഭിക്കുന്നില്ല. പോലീസിലെ ക്രിമിനലുകളെ ഉപയോഗിച്ചുകൊണ്ട് സമരത്തെ നേരിടാൻ

ശ്രമിക്കുന്നത് ശരിയല്ല. ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സോളാർ വിഷയം സംബന്ധിച്ച് ഞാൻ കഴിഞ്ഞ ദിവസങ്ങളിൽ പറഞ്ഞ കാര്യങ്ങളിൽത്തന്നെ ഉറച്ചുനിൽക്കുകയാണ്. ക്വാറി ഉടമകളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് രണ്ട് പ്രാവശ്യം ശ്രീ. ശ്രീധരൻ നായർ എന്നെ വന്ന് കണ്ടിരുന്നു. 9–7–2012–ൽ ഇത് സംബന്ധിച്ച് നിവേദനം നൽകാനും 26–11–2012–ൽ റവന്യു വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വിളിച്ച കോൺഫറൻസിൽ പങ്കെടുക്കാനുമാണ് വന്നിട്ടുള്ളത്. ക്വാറി ഉടമകളുടെ പ്രശ്നം സംബന്ധിച്ച് ഗവൺമെന്റ് രണ്ടുപ്രാവശ്യം കോൺഫറൻസ് വിളിച്ചുകൂട്ടുകയും റവന്യു വ്യവസായ വകുപ്പുകളിൽനിന്നും ഉത്തരവുകൾ ഇറക്കുകയും ചെയ്തിട്ടുണ്ട്. ശ്രീധരൻ നായർ എന്നെ വന്നുകണ്ടപ്പോൾ സരിതാ നായർ കൂടെയുണ്ടായിരുന്നുവെന്ന ആരോപണം ശരിയല്ല. മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള വെബ്ക്യാമറ ലൈവാണ്. അതിന് റെക്കോഡിംഗ് ഇല്ല. പ്രീ–പ്രിഫറൻസ് നോട്ടീസ് ഓഫ് ആർബിട്രേഷനിൽ എന്നെപ്പറ്റി ഒന്നും പറയുന്നില്ലെന്ന് മാത്രമല്ല ശ്രീധരൻ നായർ എന്നെ വന്നുകാണുന്നതിനുമുമ്പു തന്നെ എം. ഒ. യു. സൈൻ ചെയ്യുകയും ഇടപാട് ക്ലോസ് ചെയ്ത് 40 ലക്ഷം രൂപയുടെ ചെക്ക് കൊടുക്കുകയും ചെയ്തുവെന്നാണ് പറഞ്ഞിരിക്കുന്നത്. ശ്രീധരൻ നായരുടെ വക്കീൽ എഴുതി തയ്യാറാക്കി കോടതിയിൽ കൊടുത്ത പരാതിയിൽ മുഖ്യമന്ത്രിയുടെ കാര്യം പറഞ്ഞിട്ടില്ല. അതിൽ മുഖ്യമന്ത്രി എന്ന് പിന്നീട് എഴുതിച്ചേർത്തുവെങ്കിലും ഒരു ഇനീഷ്യൽ പോലും ചെയ്തിട്ടില്ല. കോടതി അത് അക്സപ്റ്റ് ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയും ആഭ്യന്തര

വകുപ്പുമന്ത്രിയും തമ്മിൽ അകൽച്ചയിലാണെന്ന പ്രതിപക്ഷ പ്രചരണം വസ്തുതാ വിരുദ്ധമാണ്. ഇത് കൂട്ടുത്തരവാദിത്തമുള്ള മന്ത്രിസഭയണ്.

മി. സ്പീക്കർ: അടിയന്തര പ്രമേയ ചർച്ചയ്ക്കിടയിൽ സോളാർ വിഷയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ ഉപനേതാവ് ഒരു കത്ത് സഹിതം ഒരു സി.ഡി സമർപ്പിച്ചു. അതിനെക്കുറിച്ച് നിയമമന്ത്രി സംസാരിക്കും.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ കാര്യങ്ങൾ അടിസ്ഥാന രഹിതമാണ്. മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷമാണ് ടീം സോളാർ ഇടപാട് എന്ന ധാരണ വരുത്തിവയ്ക്കുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. അത് തെറ്റാണ്. മുഖ്യമന്ത്രിയെ ശ്രീധരൻ നായർ കാണുന്നത് 09–07–2012–ലാണ്. അതിനു മുൻപ് 25–06–2012–ൽത്തന്നെ എം.ഒ.യു സൈൻ ചെയ്യുകയും 40 ലക്ഷം രൂപ കെട്ടിവയ്ക്കുകയും ചെയ്തു. ഇത് വക്കീൽ നോട്ടീസിൽ പറയുന്ന കാര്യമാണ്. മുഖ്യമന്ത്രിയെ കാണുന്നതിനു മുമ്പ് തന്നെ എല്ലാ ഇടപാടുകളും നടന്നു. മുഖ്യമന്ത്രിക്ക് ഇതുമായി ഒരു ഇടപാടുമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അടിയന്തര പ്രമേയ വിഷയത്തിന് മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും നൽകിയ മറുപടികൾ ലജ്ജാകരമാണ്. മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ നിന്നു വന്ന കോൺഗ്രസ് നേതാവ് ഒരു പെൺകുട്ടിയെ തല്ലുന്ന ദൃശ്യമാണ് ടി.വി–യിൽ കണ്ടത്. ഇത് കേരളത്തിന് അപമാനമാണ്. സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകളാണ് ശ്രീധരൻ നായർ നടത്തിയിരിക്കുന്നത്. സഭയ്ക്കകത്തും പുറത്തും നുണപ്രചരണം

നടത്തിക്കൊണ്ടിരിക്കുന്ന മുഖ്യമന്ത്രിക്കെതിരെ പോലീസ് കേസ്സെടുത്തിട്ടില്ല. പോലീസിനെ ഉപയോഗിച്ച് രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്തി കോടികളുടെ വെട്ടിപ്പ് മറച്ചുവച്ച് രക്ഷപ്പെടാമെന്ന് കരുതരുത്. മുഖ്യമന്ത്രി രാജിവച്ച് ജുഡീഷ്യൽ അന്വേഷണം നേരിടാൻ തയ്യാറാകണം.

(മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>ഗൾഫ് നാടുകളിൽ ജോലി ചെയ്തുവരുന്നവർക്ക് ദീർഘകാല ചികിത്സ</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ഗൾഫ് നാടുകളിൽ പണിയെടുക്കുന്നവർക്ക് ചികിത്സാസഹായം നൽകുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷബഹളത്തെത്തുടർന്ന് രാവിലെ 10.57-ന് സഭ അൽപ്പ സമയത്തേയ്ക്ക് നിർത്തിവയ്ക്കുകയും 11.56-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിക്കുകയും ചെയ്തു.)

## റൂളിംഗ്

## ബഹുമാനപ്പെട്ട മന്ത്രിയുടെ പരാമർശം വസ്തുതാപരമല്ലെന്ന ആരോപണം

മി. സ്പീക്കർ: ഇന്നലെ അടിയന്തിര പ്രമേയ ചർച്ചാ വേളയിൽ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ഒരു കടലാസ് മേശപ്പുറത്തുവച്ചു കൊണ്ട് നടത്തിയപരാമർശം വസ്തുതാപരമല്ലെന്ന് പ്രതിപക്ഷം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 2010 ഡിസംബർ 14–ാം തീയതിയിലെ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിലെ മാർക്കറ്റിംഗ് ഫീച്ചറിൽ വന്ന ഒരു പരസ്യത്തിന് അന്നത്തെ മുഖ്യമന്ത്രി നൽകിയ ഒരു സന്ദേശത്തെക്കുറിച്ചാണ് മന്ത്രി പ്രസംഗത്തിൽ പരാമർശിച്ചത്. പ്രസ്തുത പത്രത്തിൽ ടീം സോളാറിനെക്കുറിച്ചുള്ള വിവരണവും അവരുടെ ഒരു പരസ്യവും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ ഒരു ലേഖനത്തിനും താഴെ എനർജി മാനേജ്മെന്റ് സെന്റർ പ്രത്യേകമായി കൊടുത്തിരുന്ന 2010–ലെ എനർജി കൺസർവേഷൻ അവാർഡ് സംബന്ധിച്ച പരസ്യവും നൽകിയിരുന്നു. ആ പരസ്യത്തിലാണ് ആ വർഷത്തെ അവാർഡ് ജേതാക്കളെ അഭിനന്ദിച്ചുകൊണ്ടുള്ള അന്നത്തെ മുഖ്യമന്ത്രിയുടെ സന്ദേശം വന്നിട്ടുള്ളത്. അവാർഡ് ജേതാക്കളിൽ ടീം സോളാർ ഉൾപ്പെടുന്നതായി കാണുന്നില്ല. ടീം സോളാറിനെക്കുറിച്ചുള്ള വിവരണവും അതിന്റെ പരസ്യവും പത്രത്തിൽ ഗവൺമെന്റ് പരസ്യത്തിനു മുകളിലായി വന്നിട്ടുള്ളത് വായനക്കാരിൽ ടീം സോളാർ ഒരു ഗവൺമെന്റ് അംഗീകൃത ഏജൻസിയാണെന്ന സംശയം ജനിപ്പിക്കാൻ സാധ്യതയുള്ളതായിക്കൂടി ചെയർ വിലയിരുത്തുന്നു.

(ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിൽ അതൃപ്തി രേഖപ്പെടുത്തി പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നപ്പോൾ സ്പീക്കർ സബ്മിഷനുകൾ റദ്ദ് ചെയ്തതായി അറിയിക്കുകയും അജണ്ടയിലെ അടുത്ത നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## റിപ്പോർട്ട് സമർപ്പണം

(1) 2012–2013–ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള സബ്ജക്ട് കമ്മിറ്റി XI –ന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി XII-ന്റെ താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

1. 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്
2. 2012–2013–ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(3) പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശുപാർശകൾ ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): "സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇതിനകംതന്നെ 2013 ജൂൺ 17, 18, 19, 20, 24, ജൂലൈ 8 എന്നീ

തീയതികളിലെ ബിസിനസ്സുകൾ ചർച്ച കൂടാതെ പാസ്സാക്കേണ്ടി വരികയും ജൂൺ 25 മുതൽ ജൂലൈ 7 വരെ സഭാ സമ്മേളനം നിർത്തിവയ്ക്കേണ്ടിവരികയും ചെയ്തു. ഇന്നും അതേ നിലപാട് തന്നെയാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. നിയമസഭാ സമ്മേളനം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് പ്രതിപക്ഷകക്ഷി നേതാക്കളുമായി ചർച്ച നടത്തിയെങ്കിലും സഹായകരമല്ലാത്ത നിലപാടാണ് അവർ സ്വീകരിച്ചത്. പല പ്രധാനപ്പെട്ട ധനകാര്യ ബിസിനസ്സുകളും ഓർഡിനൻസിനു പകരമുള്ള 7 ബില്ലുകളും പരിഗണിക്കുന്നതിനുതകുന്ന വിധത്തിലാണ് കാര്യോപദേശക സമിതിയുടെ 13-ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നത്. ഭരണഘടനാപരമായ അവശ്യ ധനകാര്യ ബിസിനസ്സുകൾ സഭ പൂർത്തീകരിക്കേണ്ടതുണ്ട്. സഭയിൽ നിലവിലുള്ള സ്ഥിതിവിശേഷം സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിന് സഹായകമല്ല. അതിനാൽ കാര്യോപദേശക സമിതിയുടെ 13-ാമത് റിപ്പോർട്ടിലെ സഭ അംഗീകരിച്ച ശുപാർശകൾ ഭേദഗതി ചെയ്ത് 2013-ലെ കേരള ധനകാര്യ ബില്ലും 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ ഇന്നുതന്നെ പരിഗണനയ്ക്കെടുക്കണമെന്നും അക്കാര്യത്തിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 75, 153 A(5) ചട്ടങ്ങൾ താൽക്കാലികമായി സസ്പെന്റ് ചെയ്യണമെന്നും ജൂലൈ 16, 17 തീയതികളിൽ യഥാക്രമം പരിഗണിക്കാനിരുന്ന 2013-14 ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും അതിനെ സംബന്ധിക്കുന്ന 2013-ലെ കേരള

ധനവിനിയോഗ (3-ാം നമ്പർ) ബില്ലും ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരികരിക്കുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

**താഴെപ്പറയുന്ന ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം**

**(1) 2013-ലെ കേരള ധനകാര്യ ബിൽ**

**(2) 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള ധനകാര്യ ബിൽ 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

## (1) 2013–ലെ കേരള ധനകാര്യ ബിൽ

### മൂന്നാം വകുപ്പ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

In clause (i) of sub-section (2) of section 4 of the Kerala Money Lenders' Act, 1958 (35 of 1958), proposed to be substituted by sub-clause (1), for the words "ten thousand rupees", the words "six thousand rupees" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

### നാലാം വകുപ്പ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(1) In section 28 of the Kerala Stamp Act, 1959 (17 of 1959), proposed to be amended by item (a) of sub-clause (2), for the words "fair value of the property", the words "fair value of the land" shall be substituted;

(2) for sub-clause(3), the following sub-clause shall be substituted, namely:-

“(3) in section 29,-

(a) in sub-section (1), the following words shall be added at the end, namely”-

“or on the fair value of each such separate part and value of all other properties therein including building, if any, whichever is higher,”;

(b) in sub-section (2), the following words shall be added at the end, namely-

“or on the fair value of such separate part and value of all other properties therein including building, if any, whichever is higher,”;

(c) in sub-section (3), the following words shall be added at the end, namely”-

“or on the fair value of the property and value of all other properties therein including building, if any, whichever is higher,”;

(3) for sub-clause(6), the following sub-clause shall be substituted, namely:-

"(6) in section 39, in clause (b) of sub-section (1), for the words "five rupees", occurring in both places, the words "ten rupees" shall be substituted.";

(4) in the Schedule to the Kerala Stamp Act, 1959 (17 of 1959), proposed to be amended by sub-clause (7),-

(i) after item (b), the following item shall be inserted, namely:-

"(ba) in serial umber 17, for the entry in column (3), the following entry shall be substituted, namely:-

"One rupee for every rupees 1000 or part thereof, of the value of the share, scrip or stock, as the case may be.";

(ii) in serial number 21, proposed to be substituted by item (c) of sub-clause (7), after item (iii), the following proviso shall be inserted, namely:-

"Provided that if the conveyance relates to any transfer of undivided share of any land and refers to any agreement relating to the construction of any building or part of building, including flat or apartment or room etc., the value of such building or such part of the building shall also be included in such consideration, and the

stamp duty if any paid in respect of such agreement shall be deducted from the stamp duty payable for the conveyance.”;

(iii) in serial number 22, proposed to be substituted by item (d) of sub-clause (7), after item (vi), the following proviso shall be inserted, namely:-

“Provided that if the conveyance relates to any transfer of undivided share of any land and refers to any agreement relating to the construction of any building or part of building, including flat or apartment or room etc., the value of such building or such part of the building shall also be included in such consideration, and the stamp duty if any paid in respect of such agreement shall be deducted from the stamp duty payable for the conveyance.”;

(iv) after item (g), the following item shall be inserted, namely:-

“(ga) in serial number 44, in clause (f), for the entries against it in columns (2) and (3), the following entries shall, respectively, be substituted, namely:-

| | | |
|---|---|---|
| “(f) | When authorising a person other than his father, mother, wife, husband, son, | The same duty as a conveyance (No.21 or 22, as the case may be) for the fair |

| | | |
|---|---|---|
| | daughter, brother or sister to sell any immovable property or giving authority or power to a promoter or a developer, by whatsoever name called, to make constructions or develop, sell or transfer (in any manner whatsoever) any immovable property situated in Kerala | value of land or for the amount of the consideration, whichever is higher or the estimated cost as certified by a Chartered Engineer of proposed construction or development or such property, as the case may be.”. |

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

അഞ്ചാം വകുപ്പ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

For section 69A of the Kerala Court Fees and Suits Valuation Act, 1959 (10 of 1960), proposed to be inserted by sub-clause (2), the following section shall be substituted, namely”-

“69A. *Refund of court fee in case where the dispute is settled under section 89 of the Code of Civil Procedure*.- Where a suit, appeal

or other proceeding before any court is settled by recourse to section 89 of the Code of Civil Procedure, 1908 (Central Act 5 of 1908), the whole court fee paid on the plaint/Memorandum of Appeal or other proceedings, except in interlocutory matters, shall be ordered by the court to be refunded to the parties concerned by whom the court fee was paid.”.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

എട്ടാം വകുപ്പ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

For sub-clause (3) by which it is proposed to amend section 6 of the Kerala Tax on Luxuries Act, 1976 (32 of 1976), the following sub-clause shall be substituted, namely:-

“(3) in section 6,-

(a) in sub-section (4), for the existing provisos, the following provisos shall be substituted, namely:-

“Provided that all assessments relating to the years upto and including the year 2007-08, pending as on 31st March, 2013, shall be completed on or before 31st March, 2014:

Provided further that in cases where any investigation or inquiry is pending under this Act or where any assessment cannot be completed within the period specified under this section, the Deputy Commissioner may, for good and sufficient reasons, extend the period of completion of the assessment including escaped assessment under sub-section (5) beyond the period specified in this section.”;

(b) in sub-section (5), for the words and symbol “hotel/house boat”, the word “proprietor” shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

പത്താം വകുപ്പ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

In section 8 of the Kerala Value Added Tax Act, 2003 (30 of 2004), proposed to be amended by sub-clause (2), before the item (a), the following item shall be inserted, namely:-

"(A) in clause (b), for the letter and word "M-Sand", the words "Manufactured sand" shall be substituted;";

(2) in section 18B of the Kerala Value Added Tax Act, 2003 (30 of 2004), proposed to be inserted by sub-clause (4) of clause 10,-

(i) in the first proviso,-

(a) in item (c), the word "and" shall be omitted;

(b) after item (c), as amended, the following items shall be inserted, namely:-

"(ca) other dealers referred to in sub-section (1) of section 6;

(cb) companies; and";

(ii) for the second proviso, the following provisos shall be substituted, namely:-

"Provided further that hospitals run by charitable institutions which avail exemption under the Income Tax Act, 1961 (Central Act 43 of 1961) and purchasing medicines from compounded dealer after paying tax under clause (e) of section 8 shall be exempted from tax on their sale

of such medicines and on the sale of laboratory store items and consumables to their patients:

Provided also that, with regard to such hospitals which were liable to take registration under this Act, but had not taken registration till 31st March, 2013 shall get itself registered on or before 30th June, 2013 to avail the concessions as per the forgoing proviso for the period from 1st April, 2005 to 31st March, 2013.";

(3) after sub-clause (7), the following sub-clause shall be inserted, namely:-

"(7A) in section 48, in sub-section (1), the following sentence shall be added at the end, namely:-

"A fee of one hundred rupees shall be payable to Government on each transit pass so issued.".";

(4) in sub-clause (8), in item (c), after sub-item (iii), the following sub-item shall be inserted, namely:-

"(iiiA) in serial number 93, in item (1), after sub-item (b) and the entries against it in columns (2) and (3), the following sub-item and entries shall, respectively, be inserted, namely:-

"(c) Edible soya chunks manufactured        *****".

from soya bean oil cake/meal

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

**പതിനൊന്നാം വകുപ്പ്**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിക്കുന്നു.

For clause 11, the following clause shall be substituted, namely:-

11. *Levy and collection of cess on wedding celebrations.*- (1) There shall be levied and collected a cess to be called Mangalya Nidhi Cess on every wedding and its connected celebration conducted in hotels having the classification of three star and above or in auditoriums with a seating capacity of above five hundred including that of dining halls, at the rates specified in the Table below, namely:-

TABLE

| | | |
|---|---|---|
| (i) | Hotels of three star and above | Rs.10,000/- |
| (ii) | Air conditioned auditorium situated in Municipality area | Rs.10,000/- |
| (iii) | Air conditioned auditorium situated in Panchayat area | Rs. 7,500/- |
| (iv) | Other auditoriums situated in the area of Municipality | Rs. 5,000/- |

| | | |
|---|---|---|
| (v) | Other auditoriums situated in Panchayat area | Rs. 3,000/- |

(2) The cess shall be collected from the person from whom the charges or rent for such celebrations are received by the proprietor of such hotel or auditorium, as the case may be, and shall be remitted to Government Treasury in the Head of Account of Mangalya Nidhi on or before the 15th day of every month.

(3) The proprietor of such hotel or auditorium shall file a statement in such form as may be prescribed and submit the same along with the proof of remittance of Mangalya Nidhi Cess to the assessing authority under the Kerala Tax on Luxuries Act, 1976 (32 of 1976) having jurisdiction over the area, on or before the 15th day of every month. He shall also keep a register containing the details of remittance of Mangalya Nidhi Cess in such manner as may be prescribed.

(4) The statement referred to in sub-section (3) may be filed and the amount of cess may also be paid electronically by the proprietor through the website of the Commercial Taxes Department, Government of Kerala.

(5) The proprietor of the establishment entrusted with the collection of the cess shall apply for obtaining a unique identification number to

the assessing authority under the Kerala Tax on Luxuries Act, 1976 (32 of 1976) having jurisdiction over the area where such establishment is situated, in such manner as may be prescribed and the assessing authority shall allot the same to the establishment.

(6) Where any proprietor of a hotel or an auditorium as stated in sub-section (1) permits any person to conduct a wedding celebration without the payment of cess under this section, such proprietor shall be liable to pay such amount of cess as if he had conducted the wedding celebration and such amount shall be recovered from him as if it is an arrear due from him under the Kerala Tax on Luxuries Act, 1976 (32 of 1976).

(7) The Government may, after due appropriation made by the Legislature by law in this behalf, utilise such sums of money for the purposes specified in the Mangalya Nidhi Scheme framed by the Government.

*Explanation*.- For the purpose of this section,-

a. the word “proprietor” shall include the person who for the time being is in-charge of management of such hotels or auditoriums, as the case may be;

b. the word “auditorium” shall include hall and kalyanamandapam also;

c. the word “prescribed” means prescribed by rules made by the Government in this behalf.

(8) The provisions regarding the assessment and recovery of tax in the Kerala Tax on Luxuries Act, 1976 shall *mutatis mutandis* apply to the assessment and recovery of cess under this section.

All other changes are verbal or consequential.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

For clause 1, the following clause shall be substituted, namely:-

“1. *Short title and commencement*.- (1) This Act may be called the Kerala Finance Act, 2013.

(2) Save as otherwise provided in this Act, clauses (ba) and (ga) of sub-section (7) of section 4, sub-section (7A), sub-clause (iiiA) of clause

(c) of sub-section (8) of section 10 and section 11 shall come into force at once and the remaining provisions of this Act shall be deemed to have come into force on the 1st day of April, 2013".

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013–ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2013–ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 2013–ലെ കേരള ധനകാര്യ (2–ാം നമ്പർ) ബിൽ

രണ്ടാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും

രണ്ടാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013–ലെ കേരള ധനകാര്യ (2–ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**ധനകാര്യം**

**2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള**

**ഉപധനാഭ്യർത്ഥകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും**

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്കുവേണ്ടി ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും

പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണ പരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിദ്യാഭ്യാസം കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വൈദ്യസഹായവും പൊതുജനരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയൂം വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പട്ടികജാതി/പട്ടിക വർഗ്ഗ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥന യുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സഹകരണം എന്ന XXVII-ാം നമ്പർ

ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയൂം കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ 2013-14

സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനനകളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ യഥാക്രമം കാണിച്ചിരിക്കുന്ന തുകയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

## 2013-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## മുഖ്യമന്ത്രിയുടെ പ്രമേയം

### സഭ അനിശ്ചിത കാലത്തേക്ക് പരിയുന്നതു സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആവശ്യമായ ധനകാര്യ ബിസിനസ്സുകൾ സഭ പൂർത്തിയാക്കിയ സാഹചര്യത്തിൽ ജൂലൈ 18-ാം തീയതി വരെ നിശ്ചയിച്ചിരുന്ന സഭാ സമ്മേളനം ഇന്ന് അവസാനിപ്പിച്ച് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയണമെന്നുമുള്ള പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

XIII-ാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ സഭാനടപടികളെക്കുറിച്ചും സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നൽകി. പന്ത്രണ്ട് ദിവസങ്ങൾ സഭ സമ്മേളിച്ചുവെങ്കിലും പൂർണ്ണമായി സഭാ നടപടികൾ നടന്നുവെന്ന് പറയാനാവില്ലെന്നും ധനാഭ്യർത്ഥനാ ചർച്ചകൾക്കുവേണ്ടിയുള്ള ഈ സമ്മേളനത്തിൽ അഞ്ച് ധനാഭ്യർത്ഥനകൾ മാത്രമാണ് ചർച്ച ചെയ്യാൻ

കഴിഞ്ഞതെന്നും നാൽപ്പത് ധനാഭ്യർത്ഥനകളും ധനവിനിയോഗ ബില്ലും ധന കാര്യ ബില്ലും ചർച്ച കൂടാതെ സഭ പാസ്സാക്കുകയും നാല് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തതായും പത്ത് അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് പരിഗണിച്ചതായും ബഹു മാനപ്പെട്ട സ്പീക്കർ അറിയിച്ചു. അംഗങ്ങളുടെ ബഹളത്തെത്തുടർന്ന് മിക്ക ദിവസങ്ങളിലും ശ്രദ്ധക്ഷണിക്കലുകളും സബ്മിഷനുകളും അവതരി പ്പിക്കാൻ കഴിഞ്ഞില്ല. ചട്ടങ്ങളുടേയും കീഴ്വഴക്കങ്ങളുടേയും അടിസ്ഥാന ത്തിൽ മാത്രം പ്രവർത്തിക്കുന്ന ചെയറിന്റെ നിഷ്പക്ഷതയെ സഭയ്ക്ക് അകത്തും പുറത്തും ചോദ്യം ചെയ്യുന്ന തരത്തിലുള്ള നിലപാടുകൾ ജനാധി പത്യത്തിന് നൽകുന്ന സന്ദേശം എന്തായിരിക്കുമെന്ന് എല്ലാവരും ആലോചിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അഭിപ്രായപ്പെട്ടു. സംവാദങ്ങ ളുടേയും ചർച്ചകളുടേയും വേദിയാകേണ്ട നിയമസഭ സംഘർഷങ്ങളു ടേയും അസുഖകരമായ സംഭവങ്ങളുടേയും വേദിയാകുന്നത് ക്രിയാത്മക ജനാധിപത്യത്തിന് എത്രത്തോളം ഭൂഷണമാണെന്ന് ഭരണ/പ്രതിപക്ഷാംഗ ങ്ങൾ ചിന്തിക്കേണ്ടതുണ്ട്. ജനങ്ങളുടെ വികാരം പൂർണ്ണമായും പ്രകടിപ്പി ക്കേ വേദിയായ നിയമസഭയിൽ അതിനുള്ള സന്ദർഭവും സമയവും എല്ലാ വരും ചേർന്ന് സൃഷ്ടിക്കേണ്ടതുണ്ടെന്നുള്ള കാര്യം ഒരിക്കൽക്കൂടി എല്ലാവ രേയും ഓർമ്മിപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കർ എല്ലാപേർക്കും റംസാൻ ആശംസകൾ നേർന്നു.

(സഭ ഉച്ചയ്ക്കുശേഷം 12.13-ന് ദേശീയഗാനാലാപനത്തോടെ അനി ശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു)

---------